# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 235 14/12/2015-ൽ മറുപടിക്ക്

## പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.റ്റി.ജോർജ്ജ് എം.എൽ.എ**<br>**ശ്രീ. വി.പി. സജീന്ദ്രൻ എം.എൽ.എ**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ**<br>**ശ്രീ. എം.എ. വാഹിദ്** | **ശ്രീ. എ.പി. അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ; | എ) പട്ടികജാതിവിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ.കൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 41 എണ്ണം എൻ.സി.വി.റ്റി. അഫിലിയേഷനോടെ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ വഴി വിവിധ തൊഴിൽ അധിഷ്ഠിത കോഴ്സുകളിലും മത്സര പരീക്ഷകളിലും പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.<br><br>കൂടാതെ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷനുമായി ചേർന്ന് 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലായി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ 300 പട്ടികജാതി വിദ്യാർത്ഥികൾക്കു വീതം പരിശീലനം നൽകുന്നതിനായി ഒരു വർഷം ഒരു വിദ്യാർത്ഥിക്ക് 1,25,000 രൂപ നിരക്കിൽ അനുവദിച്ചുണ്ട്. 2011-12 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ എൻ.ടി.ടി.എഫ്.മായി സഹകരിച്ച് ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിച്ചിട്ടുണ്ട്. അവിടെ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസെഷൺ മെക്കാനിസ്റ്റ് എന്ന കോഴ്സ് അരംഭിക്കുകയും 20 പേർക്ക് വീതം മൂന്നു ബാച്ചുകളുടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് |

ഇതു കൂടാതെ മറ്റു സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വൊക്കേഷണൽ പരിശീലന സ്ഥാപനങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി, വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്ന സൈബർ ശ്രീ, ക്രസ്റ്റ് എന്നീ സ്ഥാപനങ്ങളിലും തൊഴിൽ പരിശീലന പദ്ധതികൾ പട്ടികജാതിക്കാർക്കായി നടപ്പിലാക്കിവരുന്നു.

| | |
|---|---|
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) പട്ടികജാതിവിഭാഗക്കാർക്ക് വിവിധ ട്രെയിഡുകളിലും പരീക്ഷകളിലും പരിശീലനം നൽകുക വഴി അവർക്ക് എളുപ്പത്തിൽ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തുവാനും അതുവഴി സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഉദ്ദേശ്യം. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നവിയിൽ ഓരോ വർഷവും അർഹതയുള്ള അപേക്ഷകരെ പ്രവേശിപ്പിച്ച് പരിശീലനം നൽകുന്നതിന് യഥാസമയം വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. പ്രവേശനം ലഭിക്കുന്നവർക്ക് പ്രതിമാസം സ്റ്റൈപന്റ്, യൂണിഫോം അലൻസ് തുടങ്ങിയ ആനുകൂല്യങ്ങളും വകുപ്പിൽ നിന്ന് നൽകിവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ ആവർത്തന അനാവർത്തന ചെലവുകളും പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് കണ്ടെത്തുന്നു. |

സെക്ഷൻ ഓഫീസർ